"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- ജെൻഡർ കൗൺസിലിന്റെ ജെൻഡർ കൺസൾട്ടന്റിനെ സഹായിക്കുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റിന്റെ കരാർ കാലാവധി ദീർഘിപ്പിച്ചു നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.45/2026/WCDD തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.192/2023/ഡബ്ള്യുസിഡി തീയതി 24/04/2023.
2. സ.ഉ.(സാധാ) നം.388/2023/ഡബ്ള്യുസിഡി തീയതി 23/06/2023.
3. സ.ഉ.(അച്ചടി) നം. 54/2025/ധന തീയതി.19.04.2025.
4. സ.ഉ.(സാധാ) നം.363/2025/ഡബ്ള്യുസിഡി തീയതി 30/07/2025.
5. വനിതശിശു വികസന ഡയറക്ടറുടെ 25.09.2025-ലെ DWCDO/6/2022-WEC6-Part(2) നമ്പർ കത്ത്.
6. സ.ഉ.(സാധാ) നം.420/2025/ഡബ്ള്യുസിഡി തീയതി 14/10/2025.

**ഉത്തരവ്**

വിവിധ വകപ്പുകളിലെ ജെൻഡർ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി വനിത ശിശുവികസന വകപ്പിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ജെൻഡർ കൗൺസിലിലെ ജെൻഡർ കൺസൾട്ടന്റ് ഡോ.ടി കെ ആനന്ദിയെ സഹായിക്കുന്നതിന് ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ ഒരാളെ കരാർ അടിസ്ഥാനത്തിൽ പ്രതിമാസ ഹോണറേറിയം Rs.21175/- രൂപ നിരക്കിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരവും ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികയിൽ അർഹരായ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് പട്ടികയിൽ റാങ്ക് ഒന്നായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ഷർമിള എസ്, റ്റി.സി 49/1547, പറങ്കിമാം വിളാകത്തുവീട്, പുഴികുന്ന് ഇൻ എസ്റ്റേറ്റ് പി.ഒ, തിരുവനന്തപുരം 01/01/2024 ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും

വനിത ശിശുവികസന ഡയറക്ടറുമായി കരാറിൽ ഏർപ്പെടുകയും ഈ കരാർ കാലാവധി 31/03/2024 ന് അവസാനിക്കുകയും തുടർന്ന് 01/04/2024 ന് ഒരു ദിവസം ബ്രേക്ക് നൽകി 02/04/2024 തീയതി പ്രാബല്യത്തിൽ ടിയാളെ വീണ്ടും നിയമിക്കുകയും വനിത ശിശുവികസന ഡയറക്ടറുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ടി വ്യക്തിയുടെ കരാർ കാലാവധി 31/03/2025 ന് അവസാനിക്കുകയും തുടർന്ന് കരാർ കാലാവധി, ജെൻഡർ കൗൺസിലിന്റെ മൂന്നു വർഷം കാലാവധി 26/09/2025 ന് പൂർത്തിയാകും വരെ പരാമർശം (4) പ്രകാരം പുതുക്കി നല്കുകയും ചെയ്തിട്ടുണ്ട്. ജെൻഡർ കൗൺസിലിന്റെ കാലാവധി 26/09/2025 ന് മൂന്നു വർഷം പൂർത്തിയായ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷാവസാനം വരെ ജെൻഡർ കൗൺസിലിന്റെ കാലാവധി ദീർഘിപ്പിച്ചു നല്കി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. ജെൻഡർ കൗൺസിലിലെ ജെൻഡർ കൺസൾട്ടന്റ് ഡോ.ടി കെ ആനന്ദിയെ സഹായിക്കുന്നതിന് ക്ലാർക്ക് കം ടൈപ്പിസ്റ്റായ ശ്രീമതി.ഷർമിള എസ് ന്റെ കരാർ കാലാവധി പുതുക്കി നല്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ടി വ്യക്തി സെൽഫ് അപ്രൈസൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ടി വ്യക്തിയുടെ പ്രവർത്തനം തൃപ്തികരമായ സാഹചര്യത്തിൽ ജെൻഡർ കൺസൾട്ടന്റിനെ സഹായിക്കുന്നതിന് നിയമിച്ചിട്ടുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റ് ശ്രീമതി.ഷർമിള എസ് ന്റെ കരാർ കാലാവധി 27/09/2025 മുതൽ 26/09/2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 26/09/2025 ന് മൂന്നു വർഷം പൂർത്തിയായ ജെൻഡർ കൗൺസിലിന്റെ കാലാവധി 2025-2026 സാമ്പത്തിക വർഷം അവസാനം വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ള സാഹചര്യത്തിൽ, കരാർ/ദിവസവേതന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം (3) പ്രകാരമുള്ള ഉത്തരവിലെയും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഉത്തരവുകളിലെയും പൊതു മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, ജെൻഡർ കൺസൾട്ടന്റിനെ സഹായിക്കുന്നതിന് നിയമിച്ചിട്ടുള്ള ക്ലാർക്ക് കം ടൈപ്പിസ്റ്റ് ശ്രീമതി.ഷർമിള എസ് ന്റെ കരാർ കാലാവധി ആയത് അവസാനിക്കുന്ന തീയതി (26.09.2025) കഴിഞ്ഞു കുറഞ്ഞത് ഒന്നോ രണ്ടോ പ്രവൃത്തി ദിവസത്തെയെങ്കിലും ബ്രേക്ക് നൽകി 2025-2026 സാമ്പത്തിക വർഷം അവസാനം വരെ ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.(Vide U.O.No.WCD-1/124/2025-FIN(E-3170489 dated.16.01.2026).

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Renji George

സെക്ഷൻ ഓഫീസർ

Date: 29-01-2026 12:16:13